പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 402 | 10.06.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് മാസ്റ്റർ പ്ളാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; | (എ) | സംസ്ഥാനത്തെ വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും, വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. വൈദ്യുതി ആവശ്യകതയുടെ വളർച്ച മുൻനിർത്തി വിശദമായ സാങ്കേതിക പഠനം നടത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, കാലപ്പഴക്കം ചെന്ന വൈദ്യുതി സംസ്ഥാപനങ്ങൾ നവീകരിക്കുകയോ മാറ്റി വയ്ക്കുകയോ ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ 220 കെ.വി - 1 എണ്ണം, 110 കെ.വി - 8 എണ്ണം, 66 കെ.വി-3 എണ്ണം, 33 കെ.വി-12 എണ്ണം എന്നിങ്ങനെ 24 സബ് സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തിന് ആവശ്യത്തിനുള്ള അധിക വൈദ്യുതി എത്തിക്കുന്നതിന് 2008-ൽ മാസ്റ്റർ പ്ളാനിന് തുടക്കമിട്ടിരുന്നോ ; | (ബി) & (സി) | സംസ്ഥാനത്തിന് ആവശ്യമായ അധിക വൈദ്യുതി എത്തിക്കുന്നതിന് പ്രസരണ മേഖല സജ്ജമാക്കുന്നത് സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വൈദ്യുതി ബോർഡ് തുടക്കം കുറിച്ചിട്ടുണ്ട്. എങ്കിലും, കൂടുതൽ വിശദമായ സാങ്കേതിക പഠനം ആവശ്യമായതിനാൽ ഇതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല |
| (സി) | മാസ്റ്റർ പ്ളാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.